**No. CEE/4600/2019/KEAM-2020/TA3**

കേരളസർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ്ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

# വിജ്ഞാപനം

## എം.ബി.ബി.എസ്കോഴ്സുകളിലേക്കുള്ള പ്രവേശനം–2020
## എൻ.ആർ.ഐ സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ സംബന്ധിച്ച്

2020–21 അദ്ധ്യയന വർഷം സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ എം.ബി.ബി.എസ് കോഴ്സുകളിൽ ഒഴിവുണ്ടായിരുന്ന സീറ്റുകൾ നികത്തുന്നതിനായി നടത്തിയ മൂന്നാം സ്ട്രേ വേക്കൻസി റൗണ്ടിനു ശേഷവും എൻ.ആർ.ഐ ക്വാട്ടാ സീറ്റുകളിൽ നിലനിൽക്കുന്ന ഒഴിവുകളിലേയ്ക്ക് പുതുതായി പരിഗണിക്കുന്നതിന് വിദ്യാർത്ഥികൾക്കായി പ്രവേശന പരീക്ഷാ കമ്മീഷണർ ഒരു കേന്ദ്രീകൃത എൻ.ആർ.ഐ സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ കൂടി നടത്തുന്നു. 05.01.2021 തീയതിയിലെ W.P.(C).178, 200 & 203/2021 കോടതി ഉത്തരവിൻ പ്രകാരമാണ് സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ നടത്തുന്നത്. **07.01.2021 രാവിലെ 11.00 മണി മുതൽ 08.01.2021 ഉച്ചയ്ക്ക് 2.00 മണി വരെ തിരുവനന്തപുരം ഹൗസിംഗ് ബോർഡ് ബിൽഡിംഗിലെ അഞ്ചാം നിലയിലെ പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിൽ** വിദ്യാർത്ഥികൾ എൻ.ആർ.ഐ ക്ലെയിം തെളിയിക്കുന്ന രേഖകളുമായി ഹാജരാകേണ്ടതാണ്. അങ്ങനെ ഹാജരാക്കുന്ന രേഖകളിൽ ന്യൂനതകൾ ഉണ്ടെങ്കിൽ അവ പരിഹരിക്കുന്നതിന് **08.01.2021** ഉച്ചയ്ക്ക് **2.00** മണിയ്ക്കുശേഷം അധിക സമയം അനുവദിക്കുന്നതല്ല. സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ വിജയകരമായി പൂർത്തിയാക്കുന്ന വിദ്യാർത്ഥികളെ ഉൾപ്പെടുത്തിയുള്ള എൻ.ആർ.ഐ സാധ്യതാ പട്ടിക മേൽ പറഞ്ഞ സമയത്തിനുശേഷം പ്രസിദ്ധീകരിച്ച് അലോട്ട്മെന്റ് സംബന്ധിച്ച തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതാണ്.

പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ച മെഡിക്കൽ റാങ്ക്ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതും, എൻ.ആർ.ഐ കാറ്റഗറി ലിസ്റ്റിൽ ഉൾപ്പെടാത്തതുമായ വിദ്യാർത്ഥികൾക്ക് കേന്ദ്രീകൃതസർട്ടിഫിക്കറ്റ് വെരിഫിക്കേഷനിൽ പങ്കെടുക്കാവുന്നതാണ്. ആൾ ഇന്ത്യാക്വാട്ടാ അഡ്മിഷൻ ലഭിച്ചവരും പ്രവേശന പരീക്ഷാ കമ്മീഷണറുടെ മുൻ അലോട്ട്മെന്റുകളിലൂടെയോ മോപ്അപ്പ് അലോട്മെന്റിലൂടെയോ നിലവിൽ സ്റ്റേറ്റ് ക്വാട്ടാ എം.ബി.ബി.എസ് അഡ്മിഷൻ ലഭിച്ചവരുമായ വിദ്യാർത്ഥികളെയും കേന്ദ്രീകൃത സർട്ടിഫിക്കറ്റ് വെരിഫിക്കേഷനിൽ പരിഗണിക്കുന്നതല്ല. താത്പര്യമുള്ള വിദ്യാർത്ഥികൾ 22.02.2020 തീയതിയിലെ GO (Rt)375/2020/H&FWD സർക്കാർ ഉത്തരവ് പ്രകാരമുള്ള എൻ.ആർ.ഐ സർട്ടിഫിക്കറ്റുകളുടെ ഒറിജിനൽ രേഖകളുമായി ഹാജരാകേണ്ടതാണ്. സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ വിജയകരമായി പൂർത്തിയാക്കുന്ന വിദ്യാർത്ഥികളെ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ നിലവിൽ ഒഴിവുള്ള എൻ.ആർ.ഐ ക്വാട്ടാ സീറ്റുകളിലേക്ക് പരിഗണിക്കുന്നതാണ്. എൻ.ആർ.ഐ സീറ്റിൽ പരിഗണിക്കുന്നതിന് ആവശ്യമായ സർട്ടിഫിക്കറ്റുകൾ എല്ലാം ഹാജരാക്കാത്തവരോ സർട്ടിഫിക്കറ്റ് വെരിഫിക്കേഷനിൽ പങ്കെടുക്കാത്തവരോ ആയ വിദ്യാർത്ഥികളെ ഒഴിവുള്ള എൻ.ആർ.ഐ ക്വാട്ടാ സീറ്റുകളിലേക്ക് പരിഗണിക്കുന്നതല്ല. എൻ.ആർ.ഐ ക്ലെയിം തെളിയിക്കുന്നതിനുള്ള രേഖകൾ ഹാജരാക്കുന്നതിന് 08.01.2021 ഉച്ചയ്ക്ക് 2.00 മണിയ്ക്കുശേഷം യാതൊരു കാരണവശാലും സമയം അനുവദിക്കുന്നതല്ല. ഒഴിവുകൾ സംബന്ധിച്ച വിവരങ്ങൾ വെബ് സൈറ്റിൽ ലഭ്യമാണ്.

## സർട്ടിഫിക്കറ്റ് വെരിഫിക്കേഷന്ഹാജരാകേണ്ടരേഖകൾ:

1) സ്പോൺസറും വിദ്യാർത്ഥിയും തമ്മിലുള്ള ബന്ധം തെളിയിക്കുന്ന റവന്യൂ അധികാരികളിൽ നിന്നുള്ള സർട്ടിഫിക്കറ്റ് (GO(MS) No. 243/2014/H&FWD തീയതി06.08.2014 പ്രകാരം)
2) തൊഴിൽദാതാവ് നൽകിയതും എംബസ്സി സാക്ഷ്യപ്പെടുത്തിയതുമായ ഓവർസീസ് എംപ്ലോയ്മെന്റ് സർട്ടിഫിക്കറ്റ് അല്ലെങ്കിൽ തൊഴിൽ സംബന്ധിച്ച് എംബസി അഥവാ കോൺസുലേറ്റ് പാസ്സ്പോർട്ടിൽ സാക്ഷ്യപ്പെടുത്തിയിരിക്കണം. എംപ്ലോയ്മെന്റ് സർട്ടിഫിക്കറ്റിനു പകരം സ്പോൺസർ ഒരുഎൻ. ആർ.ഐ /ഓവർസീസ് സിറ്റിസൺ ഓഫ് ഇന്ത്യ(OCI)/ ഗ്രീൻ കാർഡ് ഹോൾഡർ ആണെന്ന് സാക്ഷ്യപ്പെടുത്തി എംബസി അഥവാ കോൺസുലേറ്റ് നൽകുന്ന സർട്ടിഫിക്കറ്റ് സ്വീകരിക്കുന്നതാണ്.
3) വിസ സ്റ്റാമ്പ് ചെയ്തതുംഎംബസ്സി സാക്ഷ്യപ്പെടുത്തിയതുമായ സ്പോൺസറുടെ പാസ്പോർട്ടിന്റെ പകർപ്പ്.
4) വിദ്യാർത്ഥിയെ സ്പോൺസർ ചെയ്യുന്നതായുള്ള സ്പോൺസറുടെ സമ്മതപത്രം
5) സ്പോൺസർ ഒരു ഇന്ത്യൻ പൗരൻ/ ഓവർസീസ് സിറ്റിസൺ ഓഫ് ഇന്ത്യ/പേഴ്സൺ ഓഫ് ഇന്ത്യൻ ഒറിജിൻ എന്ന്തെളിയിക്കുന്ന രേഖ.

കേന്ദ്രീകൃത സർട്ടിഫിക്കറ്റ് വെരിഫിക്കേഷനിൽ പങ്കെടുത്ത് വിജയകരമായി വെരിഫിക്കേഷൻ പൂർത്തിയാക്കുന്ന വിദ്യാർത്ഥികളെ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽഒഴിവുള്ള എൻ.ആർ.ഐ ക്വാട്ടാസീറ്റുകളിലേക്ക് പരിഗണിക്കുന്നതാണ്. എൻ.ആർ.ഐ ക്വാട്ടാ സീറ്റിൽ പരിഗണിക്കുന്നതിന് ആവശ്യമായമേൽ പറഞ്ഞ സർട്ടിഫിക്കറ്റുകൾ എല്ലാം ഹാജരാക്കാത്തവരോ, സർട്ടിഫിക്കറ്റ് വെരിഫിക്കേഷനിൽ പങ്കെടുക്കാത്തവരോ ആയ വിദ്യാർത്ഥികളെ പ്രസ്തുത സീറ്റുകളിലേക്ക് പരിഗണിക്കുന്നതല്ല. എൻ.ആർ.ഐ സീറ്റിൽ വിദ്യാർത്ഥികളെ പരിഗണിച്ചതിനു ശേഷവും പ്രസ്തുത സീറ്റുകൾ ഒഴിവുള്ള പക്ഷം സർക്കാർ തീരുമാനം അനുസരിച്ച് അത് സ്റ്റേറ്റ് മെറിറ്റ് സീറ്റുകളായി പരിവർത്തനം ചെയ്യപ്പെടുന്നതാണ്.

**ഹെൽപ് ലൈൻ നമ്പർ: 0471-2525300**

തിരുവനന്തപുരം
06.01.2021

**പ്രവേശന പരീക്ഷാ കമ്മീഷണർ**